# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## പത്രക്കാരുടെ കൊള്ളരുതാത്തരങ്ങൾ

കഴിവുകളൊന്നുമില്ലാത്ത ആരെയും ഊതിപ്പെരുപ്പിച്ച് ആദർശധീരനും, പാവങ്ങളുടെ പടത്തലവനുമൊക്കെ യാക്കി മാറ്റുന്നത് ഈ പത്രക്കാരാണ്. പത്രക്കാർ എന്നാൽ അതിൽ പാവപ്പെട്ട പേനയുന്തലുകാരും പെടുമെങ്കിലും യഥാർത്ഥത്തിൽ പത്രക്കാരൻ പത്രമുതലാളിയാണ്. അവന്റെ ആഗ്രഹമനുസരിച്ചും നിർദ്ദേശമനുസരിച്ചും മാത്രമേ പത്രത്തിൽ ഒരു ചരമവാർത്തപോലും വരൂ.

നാടിന് വേണ്ടി ഒന്നും ചെയ്യാത്ത, ആശുപത്രിയിൽ പോവാൻ കൂട്ടിന് വിളിച്ചാൽ ഒരയൽകാരൻപോലും കൂടെ വരാനില്ലാത്ത ഞാൻ മരിച്ചാൽ 'വിട' - 'അശ്രുപൂജ' 'നാട് തേങ്ങി' എന്റെ മരണത്തിൽ തേങ്ങലടക്കാൻ കഴിയാതെ പ്രകൃതിപോലും ആ ജനസേവകന്റെ മരണത്തിൽ പൊട്ടിക്കരഞ്ഞു (കനത്ത മഴ പെയ്തതാണ് - കർക്കിടകത്തിലായിരുന്നു എന്റെ മരണം) എന്നൊക്കെ മുഴുനീള തലക്കെട്ടിൽ എഴുതി പിടിപ്പിക്കുന്ന ഈ പത്രമുതലാളിമാർ - പത്രക്കാർ - നടത്തുന്ന ഏറ്റവും ഹീനമായ രണ്ട് കുറ്റകൃത്യങ്ങളെ ജനശ്രദ്ധയിൽ പെടുത്താനായി എഴുതുന്ന ഈ കുറിപ്പ് പ്രസിദ്ധീകരിക്കാൻ ഏതെങ്കിലും ഒരു പത്രമുതലാളി തയ്യാറാകുമോ എന്ന് കണ്ടറിയണം.

ഇന്ത്യയിലാകമാനം ബാലവേല നിരോധിച്ചിട്ടുള്ളതാണ്. കേരളത്തിലാണെങ്കിൽ ഇടക്കിടെ ഹോട്ടലുകളിൽ നിന്നും ഇഷ്ടികക്കളങ്ങളിൽ നിന്നുമൊക്കെ നമ്മുടെ വീട്ടുമുറ്റത്ത് ഈ പരസ്യരമകളും പരസ്യഭൂമികളും പരസ്യാഭിമാനികളും, മാധ്യമചന്ദ്രികകളും പരസ്യമുദികളുമൊക്കെ കൊണ്ടിടുന്ന പത്തും പതിനൊന്നും വയസ്സായ ബാലവേലക്കാരെക്കുറിച്ച് ഈ പത്രമുതലാളി മിണ്ടുന്നില്ല. പത്രമുതലാളി പത്രം വായിക്കുന്നതിന് മാത്രം പത്ത് രൂപയെങ്കിലും വെച്ച് വായനക്കാരന് കൊടുക്കാൻ തക്കലാഭം ഓരോ പത്രത്തിൽനിന്നും, ഓരോ സുനാമിഭൂകമ്പഫണ്ടിൽനിന്നും ഉണ്ടാക്കുന്നത് കൊണ്ടാണ് ആഴ്ചതോറും ഓരോ എഡിഷൻ ഇറക്കാൻ കഴിയുന്നത്.

മറ്റൊരക്രമം പത്രക്കാരൻ നടത്തുന്നത് രാവിലെ തന്നെ അവന്റെ പങ്ക് മാലിന്യം നാടിന്റെ മുക്കയിലും മൂലയിലും എത്തിക്കുന്നതാണ്. പത്രം തുറന്നാൽ നാടിനെ മാലിന്യക്കൂമ്പാരമാക്കുന്ന നിരവധി വാർത്തയും ഫോട്ടോയും നമുക്ക് തരുന്ന ഈ പത്രക്കാർ ലക്ഷക്കണക്കിന് പ്ലാസ്റ്റിക് ഷീറ്റുകളാണ് പത്രം പൊതിഞ്ഞ് വരുന്നതിന്റെ ലേബലിൽ നാടിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നത്. മുറവിളി കൂട്ടുന്ന മുപ്പത് മൈക്രോൺ പോയിട്ട് പതിനഞ്ച് മൈക്രോൺ പോലുമില്ലാത്ത ഈ പ്ലാസ്റ്റിക് ഷീറ്റുകൾ ഏറ്റവും കൂടുതൽ എത്തിക്കുന്നത് ഏറ്റവും സർക്കുലേഷനുള്ള പത്രക്കാരൻ തന്നെയാണ്. ഇതിനെക്കുറിച്ചുള്ള വിമർശനം ഉയർന്നപ്പോൾ 'പത്രരമ' പറയുന്നത് പ്ലാസ്റ്റിക് കത്തിച്ചാൽ ദോഷമില്ലെന്നാണ്. ഡയോക്സിൻ എന്ന വാതകം പ്ലാസ്റ്റിക് കത്തിച്ചാൽ ഉണ്ടാകുമെന്നും ഈ വാതകം അന്തരീക്ഷത്തിലെ ഓസോൺ പാളികൾ തകർക്കുമെന്നും ഓസോൺ പാളി തകർന്നാൽ കാലാവസ്ഥ തകരുമെന്നും അന്റാർട്ടിക്കയിലെ മഞ്ഞുരുകുമെന്നും മഞ്ഞുരുകിയാൽ കടൽവെള്ളമുയർന്ന് കടവന്ത്ര മുങ്ങിപ്പോകുമെന്നുമൊക്കെ 'പടിപ്പുര'യിലിരുന്ന് വിളിച്ചുകൂവുന്ന ഈ പത്രമുതലാളിമാർ അവന്റെ പത്രങ്ങളിലൂടെ വായനക്കാരന്റെ മനസ്സ് മലിനമാക്കുന്നത് കൂടാതെ പുകവലിക്കാരൻ പുകവലിക്കാത്തവനെ ശല്യം ചെയ്യുന്ന മാതിരി പത്രം വായിക്കാത്തവനെ കൂടി ഈ മാലിന്യപ്പെരുമഴയിൽ മുക്കിക്കൊല്ലുകയാണ്. പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് പൊതിഞ്ഞു വരുന്ന പത്രക്കെട്ടുകൾ ഒരു നിയമനിഷേധമാണ് നടത്തുന്നതെന്നും കള്ളം ഒരുപാട് പ്രാവശ്യം അഭിഷേകം ചെയ്യുന്നവരെ അഭിഭാഷകൻ എന്ന് വിളിക്കുന്നതുപോലെ വേശ്യയുടെ ചാരിത്രപ്രസംഗത്തിന്റെ പരിശുദ്ധിപോലും പത്രകൊള്ളക്കാർക്കില്ലെന്നും വായനക്കാരൻ തിരിച്ചറിയുമ്പോൾ ഇവരുടെ 'എബിസി' യുടെ പൊള്ളത്തരം വെളിവാകും.

*സോക്രട്ടീസ് കോട്ടപ്പുറം*

## പ്രകൃതി എന്ന അപരത്തെ എങ്ങനെ നിർവ്വചിക്കും?

കേരളീയം സെപ്തംബർ ലക്കത്തിൽ വന്ന കെ. രാജന്റെ ലേഖനമാണ് ഈ കത്തിന് ആധാരം. "പ്രകൃതിമനുഷ്യവ്യവഹാരങ്ങൾക്ക് തീർത്തും വിധേയമല്ലാത്ത അപരമാണ്" എന്ന് ലേഖകൻ എഴുതിയിരിക്കുന്നത് ചില ചോദ്യങ്ങൾ സൃഷ്ടിക്കുന്നു.

1. 'പ്രകൃതി' എന്ന ലേഖകൻ ഉദ്ദേശിച്ചത് 'പരിസ്ഥിതി' എന്ന അർത്ഥത്തിലാണോ? ആണെങ്കിൽ പരിസ്ഥിതിയുടെ മേലുള്ള മനുഷ്യന്റെ അനധികൃതമായ ഇടപെടൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നില്ലേ?

2. പ്രകൃതി എന്ന അപരത്തെ എങ്ങനെ നിർവ്വചിക്കും? പ്രകൃതിയിൽ മനുഷ്യന് എന്തെങ്കിലും സ്ഥാനമുണ്ടോ? പ്രകൃതി/മനുഷ്യബന്ധം എങ്ങനെയാണ് വിശദീകരിക്കുക.

സംശയനിവാരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളീയം നന്നാവുന്നുണ്ട്.

*അനീഷ് മാനങ്ങത്ത്, സുവർണ്ണമുദ്ര പ്രിന്റേഴ്സ്,*
*നാട്ടിക പി.ഒ., തൃശൂർ*

## ഹിംസ ഒഴിവാക്കി വെജിറ്റേറിയൻ ക്രിസ്മസ്സ്

മതവും യുക്തിവാദവും അടച്ചിട്ട സ്വന്തം വാതിലുകൾ തുറന്നിടട്ടെ! ഇംഗർസോളും വിവേകാനന്ദനും വീണ്ടും കണ്ടുമുട്ടട്ടെ!!! പുതിയൊരു ആത്മീയതക്കും പുതിയലോകത്തിന്റെ രചനക്കും അത്യാവശ്യമാണിത്. അമ്പാടിയിലെ കണ്ണനും കപിലവസ്തുവിലെ സിദ്ധാർത്ഥകുമാരനും നസ്രത്തിലെ ഉണ്ണിയേശുവും മതമണ്ഡലത്തിന് വ്യത്യസ്ഥമായേക്കാം. ആത്മീയതക്ക് എല്ലാം ഒന്നാണ്. ചിത്തശുദ്ധിയുള്ളവർക്ക് ഇത് ബോദ്ധ്യപ്പെടും. ഈ കാലത്തിന്റെ ആത്മീയാന്വേഷണങ്ങളിലും ആവിഷ്കാരങ്ങളിലും താങ്കൾക്കും പങ്കുചേരാം.

2007 ഡിസംബർ 23-ന് നാട്യഗൃഹത്തിൽ സൽസംഗം വൈകീട്ട് 5 മുതൽ 7 വരെ. കാലേക്കൂട്ടി കുടുംബസമേതം ക്ഷണിക്കുന്നു.

ഡേവിസ് വളർക്കാവ്, സഹോദരഭവനം, ശ്രുബുദ്ധ റോഡ്,
അഞ്ചേരി പി.ഒ., തൃശൂർ-6. ഫോൺ : 9895148396